പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 580

10-7-12 ൽ
മറുപടിക്ക്

## *സിഡിറ്റിന്റെ പ്രവർത്തനം*

*ചോദ്യം*
*ശ്രീ. അൻവർ സാദത്ത്*
*ശ്രീ. ബെന്നി ബെഹനാൻ*
*ശ്രീ. സണ്ണി ജോസഫ്*
*ശ്രീ. സി.പി. മുഹമ്മദ്*

*ഉത്തരം*
*ശ്രീ. കെ.സി. ജോസഫ്*
*(ബഹു. ഗ്രാമവികസനവും ആസൂത്രണവും*
*സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)*

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | സിഡിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; | എ) സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയി സി-ഡിറ്റിനെ നിയമിച്ചിട്ടുണ്ട്. |
| ബി) | സർക്കാരിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങളിൽ ശക്തമായ സംഭാവന നൽകത്തക്കവിധം സിഡിറ്റിനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. വിശദമാക്കുമോ; | ബി) & സി) മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയുടെ നിർമ്മാണം തുടങ്ങിയവ ഇതിന്റെ ഭാഗമായി സിഡിറ്റ് ആണ് ചെയ്യുന്നത്. ഐ.ടി. വകുപ്പ് എക്സൈസ് വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് വിദ്യാഭ്യാസം, സാംസ്കാരികം, പബ്ലിക് റിലേഷൻസ് തുടങ്ങി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ സുപ്രധാന പദ്ധതികൾ സിഡിറ്റ് വഴിയാണ് നടപ്പിലാക്കിവരുന്നത്. |
| സി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

വിശദീകരണകുറിപ്പ്

സി-ഡിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി നിലവിൽ സിഡിറ്റ് ഏറ്റെടുത്തു നടത്തിവരുന്ന വിവിധ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രേജക്ട് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും സീനിയർ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കോർപ്പറേറ്റ് സ്ട്രാറ്റജിക് പ്ലാനിങ് വർക്കുഷോപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. വൻപദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ തക്കവിധം സിഡിറ്റിനെ പ്രാപ്തമാക്കാൻ ലക്ഷ്യമിട്ട് ശാസ്ത്രീയമായ രീതിയിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടപ്പിലാക്കുകയും പദ്ധതി നിർവഹണമുൾപ്പെടെ എല്ലാ കാര്യങ്ങളിലും ജീവനക്കാരുടെ അഭിപ്രായമാരായുകയും കൂട്ടായ പങ്കാളിത്തവും പ്രവർത്തനവും ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഹോളോഗ്രാം നിർമ്മാണ വിഭാഗത്തിൽ പുതിയ കെട്ടിടം പണി 90% പൂർത്തിയായി. സോഫ്റ്റ് വെയർ ടെസ്റ്റിംഗിന് പരിശീലനം നൽകുകയും പ്രത്യേകം സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സുതാര്യകേരളം ടി.വി. പരിപാടി നിർമ്മിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ സിഡിറ്റ1 ഒരുക്കിയിട്ടുണ്ട്. സിഡിറ്റിന്റെ എഡ്യൂക്കേഷൽ പാർട്ണർഷിപ്പ് പദ്ധതി വഴി നടത്തിവരുന്ന 18 കമ്പ്യൂട്ടർ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൊച്ചിയിലെ സിഡിറ്റ് മേഖലാകേന്ദ്രം വി പുലീകരിച്ച് അവിടെ ഇൻഫർമേഷൻ &കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യയിൽ വിദഗ്ധ പരിശീലനം സംഘടിപ്പിക്കാനായി പ്രൊഫഷണൽ സ്കിൽസ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രൊഫഷണൽ സ്കിൽസ് അക്കാദമി സ്ഥാപിക്കുവാനായി അധിക കേന്ദ്രധനസഹായമായി 2011-12 സാമ്പത്തികവർഷത്തിൽ 1.40 കോടി രൂ അനുവദിച്ചുകിട്ടി. സൈബർ സെക്യൂരിറ്റി അവബോധ പരിശീലന വിഭാഗം ശക്തിപ്പെടുത്തി ഈ മേഖലയിൽ വിവിധ പ്രവർത്തനങ്ങൾ തുടങ്ങുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചു. സിഡിറ്റിന് തിരുവനന്തപുരത്ത് പട്ടത്ത് അനുവദിച്ച 15 സെന്റ് സ്ഥലത്ത് പുതിയ ആസ്ഥാനമന്ദിരം പണിയുവാനുള്ള നടപടി ആരംഭിച്ചു. ഇതിന്റെ ശിലാസ്ഥാപനം ബഹു. മുഖ്യമന്ത്രി 4-6-12 ൽ നിർവഹിച്ചു. സിഡിറ്റിലുള്ള മനുഷ്യ വിഭവശേഷി പരിപോഷിപ്പിക്കാനും പരമാവധി പ്രയോജനപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കുന്നതിലേക്കും ഉള്ള പ്രാരംഭ -

നടപടികൾ സ്വീകരിച്ചു. ഇതിനായി റിപ്പോർട്ട് സമർപ്പിക്കാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിനെ ചുമതലപ്പെടുത്തി. സിഡിറ്റിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും വിപുലീകരിക്കുവാനും നടപടികൾ ആരംഭിച്ചു. ഓഫിസ് പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി അക്കൗണ്ടിംഗ് ഫയൽ മാനേജ്മെന്റ് പ്രോജക്ട് മാനേജ്മെന്റ് വിഭാഗങ്ങളിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.

ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സംസ്ഥാന സർക്കാരിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ എന്ന അംഗീകാരമുള്ള സ്ഥാപനമാണ് സിഡിറ്റ്. വിവരവിനിമയ വിദ്യാഭ്യാസരംഗങ്ങളിലും ഇമേജിംഗ് ടെക്നോളജിയുടെ മേഖലയിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുകയാണ് സിഡിറ്റ്. ഐ.ടി. വകുപ്പ് എക്സൈസ് വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് വിദ്യാഭ്യാസം, സാംസ്കാരികം, പബ്ലിക് റിലേഷൻസ് തുടങ്ങി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ സുപ്രധാന പദ്ധതികൾ സിഡിറ്റ് വഴിയാണ് നടപ്പിലാക്കിവരുന്നത്.